പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 226

# 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 226

# 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

746/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 226

# 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2012 നവംബർ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിൽ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ബോർഡിൽ ഒൻപത് ഹിന്ദു അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതും അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതും, ഒരാൾ പട്ടികജാതിയിൽപ്പെടുന്ന ആൾ ആയിരിക്കേണ്ടതും ഒരാൾ പട്ടികഗോത്രവർഗ്ഗത്തിൽപ്പെടുന്ന ആൾ ആയിരിക്കേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "പട്ടികജാതി"യും "പട്ടികഗോത്രവർഗ്ഗ"വും എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിലെ (24)-ഉം (25)-ഉം ഖണ്ഡങ്ങളിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.".

(ബി) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒൻപത് അംഗങ്ങളിൽ, വനിത അംഗവും പട്ടികജാതിയിൽപ്പെട്ട അംഗവും പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട അംഗവും ഉൾപ്പെടെയുള്ള ഏഴ് അംഗങ്ങളെ മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യേണ്ടതും മറ്റ് രണ്ട് അംഗങ്ങളെ 7ഐ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കേരള സംസ്ഥാന നിയമസഭയിലെ അംഗങ്ങൾക്കിടയിലെ ഹിന്ദുക്കൾ തെരഞ്ഞെടുക്കേണ്ടതുമാണ്.".

3. 7ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7ബി വകുപ്പിൽ, (iv)-ാം ഖണ്ഡത്തിൽ "അൻപത് വയസ്സ്" എന്ന വാക്കുകൾക്ക് പകരം "നാൽപ്പത്തി അഞ്ച് വയസ്സ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 7എൽ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7എൽ വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"7എൽ ബോർഡിന്റെ കർത്തവ്യങ്ങൾ.—ബോർഡ് താഴെ പറയുന്ന കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) ഹിന്ദുമത സ്ഥാപനങ്ങളുടെ ശരിയായ സംരക്ഷണവും ഉന്നമനവും ഉറപ്പുവരുത്തുക ;

(ii) ഭക്തജനങ്ങൾക്കുവേണ്ടി ക്ഷേത്രങ്ങളിൽ ഉചിതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുക ;

(iii) ബോർഡിന് കീഴിലുള്ള എല്ലാ വിഭാഗങ്ങളിലേയും അംഗങ്ങൾക്ക് ആവർത്തനക്രമത്തിൽ വിഭജിച്ച് നൽകുക ; ഏരിയകമ്മിറ്റിയുടെ പ്രവർത്തനം ഉൾപ്പെടെ, ബോർഡ് പ്രാധികാരപ്പെടുത്താവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

5. 8ഡി വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 8ഡി വകുപ്പ് വിട്ടുകളയേണ്ടതാണ്.

6. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഓരോ ഏരിയാ കമ്മിറ്റിയും, സർക്കാർ നിയമിക്കുന്ന ഏഴ് അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്." ;

(ബി) (2)-ാം ഉപവകുപ്പിൽ, "മൂന്ന് വർഷം" എന്ന വാക്കുകൾക്ക് പകരം "രണ്ട് വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 39-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 39-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "അഞ്ച് വർഷം" എന്ന വാക്കുകൾക്ക് പകരം "രണ്ട് വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. ഏരിയാ കമ്മിറ്റിയുടെയും പാരമ്പര്യേതര ട്രസ്റ്റികളുടെയും നിലവിലുള്ള അംഗങ്ങളെ സംബന്ധിക്കുന്ന പ്രത്യേക വ്യവസ്ഥകൾ.—പ്രധാന ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, 2012-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസിന്റെ (2012-ലെ 59) പ്രാരംഭ തീയതി ആയ 2012 നവംബർ 10-ാം തീയതിയിൽ ഉദ്യോഗത്തിലുള്ള ഏരിയാ കമ്മിറ്റിയുടെ ചെയർമാനും അംഗങ്ങളും പാരമ്പര്യേതര ട്രസ്റ്റികളും, പ്രസ്തുത തീയതിയിൽ, അതത് സംഗതിപോലെ, ഏരിയാ കമ്മിറ്റിയുടെ ചെയർമാന്റെയും അംഗങ്ങളുടെയും അല്ലെങ്കിൽ പാരമ്പര്യേതര ട്രസ്റ്റികളുടെയും ഉദ്യോഗത്തിലല്ലാതായിത്തീരുന്നതാണ്.

9. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 35) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

മലബാർ ദേവസ്വം ബോർഡിലെ ഭരണനിർവ്വഹണം നടത്തിവന്നിരുന്നത് 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമാണ്. ബോർഡിലെ നിലവിലുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവസാനിച്ചതു കൊണ്ട്, മലബാർ ദേവസ്വം ബോർഡിന്റെ രൂപീകരണത്തിൽ സർക്കാരിന് കൂടുതൽ സ്വാധീനം ഉണ്ടായിരിക്കുന്നതിനായി പ്രസ്തുത ആക്റ്റിന് ചില ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

2. പ്രധാന ഭേദഗതികളിൽ, ഒരു വനിത അംഗവും മന്ത്രിസഭയിലെ ഹിന്ദുക്കളാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട പട്ടികജാതികളെയും പട്ടികഗോത്രവർഗ്ഗങ്ങളെയും പ്രതിനിധാനം ചെയ്യുന്ന ഓരോ അംഗങ്ങളും നിയമസഭയിലെ ഹിന്ദു അംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കേണ്ട മറ്റു രണ്ട് അംഗങ്ങളും ഉൾപ്പെടുന്ന ഏഴ് അംഗങ്ങളുടെ നാമനിർദ്ദേശം സാദ്ധ്യമാക്കുന്നതിനുള്ള ഒരു ഭേദഗതി ഉൾപ്പെടുന്നു. ഒരു അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുള്ള ഒരാളിന്റെ ഏറ്റവും കുറഞ്ഞ പ്രായം 50 വയസ്സിൽ നിന്നും 45 വയസ്സായി കുറയ്ക്കുവാനും ബോർഡിനു കീഴിലുള്ള ഏരിയ കമ്മിറ്റിയുടെയും പാരമ്പര്യ ട്രസ്റ്റിയുടെയും കാലാവധി ബോർഡിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയുടെ സംഗതിയിൽ എന്നതുപോലെ രണ്ടു വർഷമായി കുറയ്ക്കുവാനും ഉദ്ദേശിക്കുന്നു. കൂടാതെ, ബോർഡിലെ നിയമനങ്ങൾ സംബന്ധിച്ച് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഇതിനകം തന്നെ നയപരമായ തീരുമാനം എടുത്തിട്ടുള്ളതിനാൽ നിയമനത്തിനുവേണ്ടി ഉദ്യോഗാർത്ഥികളെ നിർദ്ദേശിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തുവാനുള്ള തീരുമാനം റദ്ദാക്കേണ്ടതുമാണ്.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായതിനാലും 2012-ലെ മദ്രാസ്സ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ്, 2012 നവംബർ 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2012-ലെ നവംബർ 10-ാം തീയതിയിലെ 1151-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 59-ാം നമ്പർ ഓർഡിനൻസായി ആയത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി 2013-ലെ മദ്രാസ്സ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ്, 2013 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2013 ജനുവരി 10-ാം തീയതിയിലെ 101-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 7-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2013 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ച് 2013 ഫെബ്രുവരി 19-ാം തീയതി അവസാനിച്ച സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി, 2013-ലെ മദ്രാസ്സ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2013 ഫെബ്രുവരി 27-ാം തീയതിയിലെ 567-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 28-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2013 മാർച്ച് 15-ാം തീയതി ആരംഭിച്ച് 2013 ഏപ്രിൽ 10-ാം തീയതി അവസാനിച്ച സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരളനിയമസഭയിലെ 205-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനായി, 2013-ലെ മദ്രാസ്സ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് 2013 ഏപ്രിൽ 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, ആയത് 2013 ഏപ്രിൽ 26-ാം തീയതിയിലെ 1174-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013-ലെ 35-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 2013-ലെ 35-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. എസ്. ശിവകുമാർ.

(ശരിത്തർജ്ജമ)

# 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് (1951-ലെ 19)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

## അദ്ധ്യായം II

## ബോർഡും അതിലെ ഉദ്യോഗസ്ഥരും

7. മലബാർ ദേവസ്വം ബോർഡിന്റെ രൂപീകരണം.—(1) 2008-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് പ്രാരംഭത്തിൽ വന്നതിനു ശേഷം എത്രയുംവേഗം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി "മലബാർ ദേവസ്വം ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ് ശാശ്വതമായ പിന്തുടർച്ചയുള്ളതും പൊതുമുദ്രയോടു കൂടിയതും, സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനും, കയ്യൊഴിയുന്നതിനും, കരാറുകളിൽ ഏർപ്പെടുന്നതിനും ഉള്ള അധികാരത്തോടുകൂടിയതുമായ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും, ബോർഡിന്റെ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമാണ്.

(3) ബോർഡിൽ താഴെപ്പറയുന്ന ഒൻപത് ഹിന്ദു അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഹിന്ദു മതത്തിലെ ഒരു ദാർശനികൻ ;

(ബി) ഹിന്ദു മതത്തിലെ ഒരു സാമൂഹ്യ പരിഷ്കർത്താവ് ;

(സി) 14-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഏതെങ്കിലും ക്ഷേത്രം ഉപദേശക സമിതികളിലെ ഒരു അംഗം ;

(ഡി) ഹിന്ദു ഭക്തി ഗാനങ്ങളിൽ നിപുണയായ ഒരു വനിത;

(ഇ) പട്ടികജാതി സമുദായങ്ങളിൽ നിന്ന് ഒരു അംഗം ;

(എഫ്) പട്ടികഗോത്രവർഗ്ഗ സമുദായങ്ങളിൽ നിന്ന് ഒരു അംഗം ;

(ജി) ഒരു വനിതാ അംഗം ;

(എച്ച്) രണ്ട് മറ്റ് അംഗങ്ങൾ ;

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "പട്ടിക ജാതികൾ"ക്കും "പട്ടികഗോത്ര വർഗ്ഗങ്ങൾ"ക്കും ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിലെ (24)-ഉം (25)-ഉം ഖണ്ഡങ്ങളിൽ യഥാക്രമം അവയ്ക്ക് നൽകിയിരിക്കുന്ന അതേ അർത്ഥം കൊടുക്കേണ്ടതാണ്.

(4) 7ഐ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം (എ) മുതൽ (എഫ്) വരെ ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള അംഗങ്ങളെ സംസ്ഥാന മന്ത്രിസഭയിലെ ഹിന്ദു

അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതും (ജി)-യും (എച്ച്)-ഉം ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള അംഗങ്ങളെ കേരള നിയമസഭയിലുള്ള ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടേണ്ടതുമാണ്.

(5) സംസ്ഥാന മന്ത്രിസഭയിലെ ഹിന്ദുഅംഗങ്ങൾ ബോർഡിലെ ഒരംഗത്തെ അതിന്റെ പ്രസിഡന്റായി നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതാണ്.

(6) ബോർഡിന്റെ ആസ്ഥാനം കോഴിക്കോട് ആയിരിക്കേണ്ടതാണ്.

(7) യഥാവിധി രൂപീകരിക്കപ്പെട്ട ഒരു ബോർഡിന്റെ അഭാവത്തിൽ, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഹിന്ദുവായ ഒരു ഗവൺമെന്റ് സെക്രട്ടറിയെ ചീഫ് കമ്മീഷണറായി, ഈ ആക്റ്റിൻ കീഴിലുള്ള ബോർഡിന്റെ എല്ലാ അധികാരങ്ങളും വിനിയോഗിക്കുന്നതിനും എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനുമായി നിയമിക്കാവുന്നതാണ്.".

** ** **

7ബി. അംഗത്വത്തിനുള്ള യോഗ്യത.—ഒരാൾ ബോർഡിലെ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ തെരഞ്ഞെടുക്കപ്പെടുന്നതിനോ യോഗ്യനാകണമെങ്കിൽ അയാൾ,—

(i) മലബാർ പ്രദേശത്തിലെ ഒരു സ്ഥിരതാമസക്കാരനും ;

(ii) ഹിന്ദുമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നയാളും ;

(iii) ക്ഷേത്രാരാധനയിലെ ഒരു വിശ്വാസിയും ; കൂടാതെ

(iv) പുരുഷ അംഗങ്ങളുടെ കാര്യത്തിൽ അമ്പത് വയസ്സും വനിതാ അംഗങ്ങളുടെ കാര്യത്തിൽ അറുപത് വയസ്സും പൂർത്തിയായതും ;

ആയിരിക്കേണ്ടതുമാണ്.

** ** **

7എൽ. ബോർഡിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികൾ.—(1) ബോർഡ് അതിന്റെ ശരിയായ പ്രവർത്തനത്തിനുവേണ്ടി മൂന്ന് അംഗങ്ങൾ വീതമുള്ള താഴെപ്പറയുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപവൽക്കരിക്കേണ്ടതാണ്, അതായത്:—

(i) ധനകാര്യത്തിന്റെയും വിഭവ സമാഹരണത്തിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റി.

(ii) മരാമത്തിന്റെയും വികസനത്തിന്റെയും പരിസ്ഥിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റി.

(iii) ജീവനകാര്യത്തിന്റെയും ക്ഷേത്രകലകളുടെയും ഭക്തിനിർഭരമായ സേവനത്തിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റി.

(2) ബോർഡ്, ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും ഒരംഗത്തിനെ അതിന്റെ ചെയർമാൻ ആയി നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതും അദ്ദേഹം അതിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

(3) ബോർഡ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിവിധ ചുമതലകളും ഉത്തരവാദിത്വങ്ങളും വിനിർദ്ദേശിക്കേണ്ടതാണ്.

(4) സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒരു മാസത്തിൽ ഏറ്റവും കുറഞ്ഞത് ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(5) സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ ഏകാഭിപ്രായമുള്ളതായിരിക്കേണ്ടതും ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച അംഗങ്ങൾക്കിടയിൽ ഏതെങ്കിലും അഭിപ്രായവ്യത്യാസം ഉള്ള സംഗതിയിൽ തീരുമാനത്തിനായി ബോർഡിന്റെ മുൻപാകെ വയ്ക്കേണ്ടതുമാണ്.

** ** **

8ഡി. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തണമെന്ന്.—കമ്മീഷൻ ഒഴികെ, ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നേരിട്ടുള്ള നിയമനം അവലംബിക്കുന്നിടത്ത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ അധികചുമതല നിർവ്വഹിക്കുന്നതിന് വേണ്ടി ഉണ്ടാക്കപ്പെട്ട നിയമപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന ഹിന്ദുമതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഒരു തെരഞ്ഞെടുത്ത പട്ടികയിൽ നിന്നും നടത്തപ്പെടേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഒരു ഹിന്ദു അംഗത്തിന്/അംഗങ്ങൾക്ക് അഭിമുഖം നടത്തിക്കുന്ന ചുമതല നിർവ്വഹിക്കാവുന്നതാണ്.".

** ** **

13. ഏരിയ കമ്മിറ്റികളുടെ അംഗബലവും ഉദ്യോഗ കാലാവധിയും അംഗങ്ങളുടെ അയോഗ്യതയും.—(1) ഓരോ ഏരിയ കമ്മിറ്റിയിലും സർക്കാർ നിയമിക്കുന്ന താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഹിന്ദു മതത്തിൽപ്പെട്ട ഒരു ദാർശനികൻ ;

(ബി) ഹിന്ദു മതത്തിൽപ്പെട്ട ഒരു സാമൂഹ്യ പരിഷ്കർത്താവ് ;

(സി) 14-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഏതെങ്കിലും ക്ഷേത്രം ഉപദേശക സമിതികളിലെ ഒരു അംഗം ;

(ഡി) പട്ടികജാതി അല്ലെങ്കിൽ പട്ടികഗോത്രവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഒരു അംഗം ;

(ഇ) ഒരു വനിതാ അംഗം ;

(എഫ്) രണ്ട് മറ്റ് അംഗങ്ങൾ.

(1എ) "അംഗങ്ങളിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.".

(2) ഈ വകുപ്പിൽ മറ്റൊരു തരത്തിൽ പ്രകടമായും വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ഏരിയ കമ്മിറ്റിയിലെ ഒരംഗം അയാളുടെ നിയമനം കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മൂന്ന് വർഷത്തേക്ക് ഔദ്യോഗിക പദവി വഹിക്കുന്നതിന് അർഹനാണ്.

** ** **

39. ട്രസ്റ്റികളും അവരുടെ എണ്ണവും, ഔദ്യോഗിക കാലാവധിയും.—(1) 38-ാം വകുപ്പിനു കീഴിൽ പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെട്ടതോ, അല്ലെങ്കിൽ ഏരിയ കമ്മിറ്റിക്ക് അധികാരപരിധിയില്ലാത്തതോ, പാരമ്പര്യ ട്രസ്റ്റി ഇല്ലാത്തതോ, ആയ ഏതെങ്കിലും ഒരു മതസ്ഥാപനത്തിൽ കമ്മീഷണർ, അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന മൂന്നിൽ കുറയാത്തതും അഞ്ചിൽ കൂടുതലല്ലാത്തതുമായ അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ട്രസ്റ്റി ബോർഡ് രൂപീകരിക്കേണ്ടതാണ്.

** ** **

(3) (1)-ാം ഉപവകുപ്പു പ്രകാരം നിയമിച്ച എല്ലാ ട്രസ്റ്റികളും 4-ാം ഉപവകുപ്പു പ്രകാരം സമർപ്പിച്ച ഒരു അപേക്ഷ മുഖേന, അങ്ങനെയൊന്നുണ്ടെങ്കിൽ, (2)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട പാരമ്പര്യേതര ട്രസ്റ്റിയും അദ്ദേഹം നീക്കം ചെയ്യപ്പെടുകയോ അല്ലെങ്കിൽ പിരിച്ചുവിടപ്പെടുകയോ അല്ലെങ്കിൽ കമ്മീഷണർ രാജി സ്വീകരിക്കാതിരിക്കുകയോ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ട്രസ്റ്റി അല്ലാതായിത്തീരുകയോ ചെയ്യാത്ത പക്ഷം അഞ്ചു വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

** ** **